**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6324** **20-03-2023 - ൽ മറുപടിയ്ക്ക്**

**കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂച്ചവാലേൽപടി-ശ്രീധർമ്മശാസ്താ ക്ഷേത്രം റോഡിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കളത്തുങ്കൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പതിമൂന്നാം വാർഡിലെ അമരാവതി-പുലിക്കുന്ന് ഭാഗത്ത് പട്ടികജാതി സങ്കേതത്തിലേക്കുള്ള ഏക ഗതാഗത മാർഗമായ പൂച്ചവാലേൽപടി-ശ്രീധർമ്മശാസ്താ ക്ഷേത്രം റോഡ് പ്രളയത്തിൽ തകർന്നത് മൂലം പ്രദേശവാസികൾക്കുണ്ടായിട്ടുള്ള യാത്രാദുരിതം പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പതിമൂന്നാം വാർഡിലെ അമരാവതി - പുലിക്കുന്ന് ഭാഗത്തെ പട്ടികജാതി പ്രദേശങ്ങളിലേയ്ക്കുള്ള ഏക ഗതാഗതമാർഗ്ഗമായ പൂച്ചവാലേൽപടി ശ്രീ ധർമ്മശാസ്താ ക്ഷേത്രം റോഡ് പ്രളയത്തിൽ തകർന്നത് മൂലം പ്രദേശവാസികൾക്കുണ്ടായിട്ടുള്ള യാത്രാദുരിതം പരിഹരിക്കുന്നതിനായി 2022-23 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി 38,05,000/-(മുപ്പത്തി എട്ട് ലക്ഷത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ് . |
| (ബി) | പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന് വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് നടത്തി ഗതാഗത യോഗ്യമാക്കുന്നതിനായി ജില്ലാതല പട്ടികജാതി സമിതി യോഗത്തിന്റെ ശിപാർശയോടു കൂടി വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പതിമൂന്നാം വാർഡിലെ അമരാവതി - പുലിക്കുന്ന് ഭാഗത്തെ പട്ടികജാതി പ്രദേശങ്ങളിലേയ്ക്കുള്ള ഏക ഗതാഗതമാർഗ്ഗമായ പൂച്ചവാലേൽപടി ശ്രീ ധർമ്മശാസ്താ ക്ഷേത്രം റോഡ് പ്രളയത്തിൽ തകർന്നത് മൂലം പ്രദേശവാസികൾക്കുണ്ടായിട്ടുള്ള യാത്രാദുരിതം പരിഹരിക്കുന്നതിനായി 2022-23 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി 38,05,000/-(മുപ്പത്തി എട്ട് ലക്ഷത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ് . |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് സംസ്ഥാന പട്ടികജാതി വികസന വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മുഖേന കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി | (സി) | പ്രസ്തുത പദ്ധതി പട്ടികജാതി വികസന വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ |

| | | | |
|---|---|---|---|
| | നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | പരിഗണനയ്ക്കായി സമർപ്പിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനത്തിന് വിധേയമായി തുടർ നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ